II ഇ.ബി. XIV - കേരള നിയമസഭ/XV-8

# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2019 ജൂൺ 17, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

22 (*211) ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു) നൽകിയ മറുപടിയിൽ, രാജകീയ വൃക്ഷങ്ങൾ എന്നറിയപ്പെടുന്ന തേക്ക്, ചന്ദനം, ഈട്ടി എന്നിവയുടെ ലഭ്യതക്കുറവ് പരിഹരിക്കാനായി ഇവയുടെ ഒരു വർഷം പ്രായമായ കൂടത്തൈകൾ തയ്യാറാക്കി വിതരണം ചെയ്യുന്നതിനുവേണ്ടി സമർപ്പിക്കപ്പെട്ട ഓപ്പറേഷൻ ഗോൾഡൻ ട്രിനിറ്റി അപ്രായോഗികതമൂലം നടപ്പിലാക്കിയിട്ടില്ലെന്ന് സഭയെ അറിയിച്ചു. പ്രസ്തുത പദ്ധതി നിർദ്ദേശത്തിന്റെ ഭാഗമായി തയ്യാറാക്കിയ കൂടത്തൈകൾ സംസ്ഥാനത്തുടനീളം

പൊതുസ്ഥലങ്ങളിലും സർക്കാർ/വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്ഥലങ്ങളിലും വനം വകുപ്പ് നേരിട്ടും ഹരിത കേരള മിഷന്റെ പച്ചത്തുരുത്ത് പദ്ധതി മുഖേനയും ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ സംയുക്തമായി നട്ടുപിടിപ്പിച്ച് വരികയാണ്. പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 64 ലക്ഷം വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് സ്കൂളുകൾ, പൊതു മേഖലാ സ്ഥാപനങ്ങൾ, സന്നദ്ധസംഘടനകൾ എന്നിവ മുഖേന 45 രൂപ നിരക്കിൽ വിതരണം ചെയ്തിട്ടുണ്ടെന്നും ഇവയുടെ പരിപാലനവുമായി ബന്ധപ്പെട്ട് വനം വകുപ്പുദ്യോഗസ്ഥരുടെയും സ്കൂൾ അദ്ധ്യാപകരുടെയും നേതൃത്വത്തിൽ ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുന്നുണ്ടെന്നും വനത്തിനുപുറത്തുള്ള ഹരിതാവരണം വർദ്ധിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കോർപ്പറേഷൻ അധികാരികളുമായി ചേർന്ന് നഗരപ്രദേശങ്ങൾ കേന്ദ്രീകരിച്ച് വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്ന പദ്ധതി വിപുലപ്പെടുത്തുന്നതാണ്. പ്രത്യേക ലിസ്റ്റിൽപ്പെട്ട പത്തിനം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്ന സ്വകാര്യ വ്യക്തികൾക്ക് അവയുടെ എണ്ണത്തിനനുസൃതമായി ധനസഹായം നൽകുന്ന പദ്ധതി വ്യാപകമാക്കുമെന്നും സ്വകാര്യഭൂമിയിൽ ചന്ദനമൊഴികെയുള്ള മറ്റ് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിലും മുറിച്ചുമാറ്റുന്നതിലും നിയന്ത്രണം

ഏർപ്പെടുത്തിയിട്ടില്ലെന്നും പൊതുനിരത്തുകളിലെയും സർക്കാർ ഭൂമിയിലെയും അപകടകരമായ വൃക്ഷങ്ങൾ മുറിച്ചുമാറ്റുന്നതിന് ഇതിനായി നിയോഗിക്കപ്പെട്ട കമ്മിറ്റിയുടെ ശിപാർശ ആവശ്യമാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

23(*212) <u>കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) നൽകിയ മറുപടിയിൽ, സ്ഥിതിവിവര കണക്കുകൾപ്രകാരം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ തൊഴിലില്ലായ്മ നിരക്ക് കൂടുതലാണെന്നും ജനസംഖ്യയുടെ 10.67 ശതമാനമാണിതെന്നും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും തൊഴിൽ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനും സാദ്ധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. 2017-18-ലെ കണക്കുപ്രകാരം ദേശീയ ശരാശരി തൊഴിലില്ലായ്മ നിരക്ക് 6.1 ശതമാനമാണ്. 3563477 പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും സർവ്വേ നടത്തി ഡ്യൂപ്ലിക്കേഷൻ തടയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മന്ത്രി വ്യക്തമാക്കി. നൂതനങ്ങളായ തൊഴിലവസരങ്ങൾ കണ്ടെത്തി

ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ പരിശീലനവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിനായി നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന എംപ്ലോയബിലിറ്റി സെന്ററുകൾ, കരിയർ ഡെവലപ്മെന്റ് സെന്ററുകൾ, മോഡൽ കരിയർ സെന്ററുകൾ എന്നിവ ആരംഭിക്കുകയും സ്വകാര്യ മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ജോബ്ഫെയർ/പ്ലേസ്മെന്റ് ഡ്രൈവ്, നിയുക്തി മെഗാ ജോബ് ഫെയറുകൾ തുടങ്ങിയവ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ലേബർ സ്റ്റാറ്റിസ്റ്റിക്സ് തൊഴിൽ സർവ്വേ പ്രകാരം കേരളത്തിൽ 30.8% സ്ത്രീ തൊഴിലാളികളുണ്ടെന്നും ഇത് ദേശീയ ശരാശരിയെക്കാൾ കൂടുതലാണെന്നും 2018 ഡിസംബർ മാസത്തെ കണക്കനുസരിച്ച് പൊതു/സ്വകാര്യ മേഖലയിൽ യഥാക്രമം 34.34%, 50.1% സ്ത്രീകൾ തൊഴിലെടുക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്ത്രീകൾ ഉയർന്ന വിദ്യാഭ്യാസ യോഗ്യതയ്ക്ക് അനുസൃതമായ തൊഴിലിനായി ശ്രമിക്കുന്നതും ഉയർന്ന ജനസാന്ദ്രത, വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള സ്ഥലപരിമിതി, അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കൃഷിയിടങ്ങളുടെ കുറവ് എന്നിവയും തൊഴിലില്ലായ്മ വർദ്ധിപ്പിക്കുന്നതോടൊപ്പം തൊഴിലിടങ്ങളിൽ സ്ത്രീ സാന്നിദ്ധ്യം കുറയുന്നതിനും കാരണമാകുന്നുണ്ട്. തൊഴിലിടങ്ങളിൽ സ്ത്രീകൾക്കായി

തൊഴിലുടമ ഏർപ്പെടുത്തേണ്ട സൗകര്യങ്ങൾ സംബന്ധിച്ച് 2018-ലെ കേരള ഷോപ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമ ഭേദഗതിയിൽ വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും സ്ത്രീ തൊഴിലാളികളിൽ അതുസംബന്ധിച്ച് അവബോധമുണ്ടാക്കുന്നതിനായി തൊഴിൽ വകുപ്പ് ലഘുലേഖകളും മറ്റും വിതരണം ചെയ്യുന്നുണ്ടെന്നും നിയമപ്രകാരമുള്ള സുരക്ഷാസൗകര്യങ്ങൾ ഉറപ്പാക്കുന്നതിനായി നിരന്തര പരിശോധനകൾ നടത്തുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഈ സർക്കാർ അധികാരമേറ്റശേഷം ഒരു ലക്ഷത്തിലധികം പേർക്ക് പി.എസ്.സി.വഴി നിയമനം നൽകുകയും 20000 പുതിയ തസ്തികകൾ സൃഷ്ടിക്കുകയും ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യണമെന്ന് വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. KASE, ASAP എന്നിവയുടെ ആഭിമുഖ്യത്തിൽ വ്യത്യസ്ത മേഖലകളിൽ നടത്തിവരുന്ന തൊഴിൽ പരിശീലനപരിപാടികൾ കൂടുതൽ വിപുലപ്പെടുത്തുമെന്നും കെ.എസ്.എഫ്.ഇ./സഹകരണ ബാങ്കുകൾ എന്നിവിടങ്ങളിലെ അനധികൃത നിയമനങ്ങളെ സംബന്ധിച്ച് പരാതി ലഭിക്കുന്നപക്ഷം അന്വേഷണം നടത്തി നടപടി സ്വീകരിക്കുമെന്നും ഇതര സംസ്ഥാന തൊഴിലാളികൾക്ക് പരിരക്ഷയും പരിഗണനയും ക്ഷേമവും ഉറപ്പുവരുത്തുന്നതിനായി ആവാസ് പദ്ധതി

നടപ്പിലാക്കിയിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

24(*213) <u>കുടിവെള്ള വിതരണം വിപുലീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ</u>

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി) നൽകിയ മറുപടിയിൽ, ജനങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ 1081 ശുദ്ധജല വിതരണ പദ്ധതികളിലൂടെ 24.40 ലക്ഷം വാട്ടർ കണക്ഷനുകളും 2.04 ലക്ഷം പൊതുടാപ്പുകളും വഴി 2744 ദശലക്ഷം ലിറ്റർ ശുദ്ധജലം പ്രതിദിനം വിതരണം ചെയ്യുന്നുണ്ടെന്ന് സഭയെ അറിയിച്ചു. തിരുവനന്തപുരം നഗരത്തിൽ ശുദ്ധജല വിതരണം നടത്തുന്ന അരുവിക്കരയിലെ ജലശുദ്ധീകരണ ശാലകളിൽ രണ്ടെണ്ണത്തിൽ അധികജലമെത്തിച്ച് പ്രതിദിനം 100 ലക്ഷം ലിറ്റർ ശുദ്ധജലം അധികമായി വിതരണം ചെയ്തുതുടങ്ങിയിട്ടുണ്ട്. വേനൽക്കാലത്ത് ജലലഭ്യത കുറഞ്ഞ സ്ഥലങ്ങളിൽ ശുദ്ധജലമെത്തിക്കുന്നതിന് പൈപ്പ് ലൈനുകൾ, മോട്ടോർ, പമ്പ്, ഇലക്ട്രിക്കൽ ഉപകരണങ്ങൾ എന്നിവയുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുകയും ഉയർന്ന പ്രദേശങ്ങളിൽ വാൽവുകൾ നിയന്ത്രിച്ചും അധികം ഷിഫ്റ്റ് പമ്പിംഗ് നടത്തിയും ഇന്റർ കണക്ഷനുകളിലൂടെയും ജലലഭ്യത ഉറപ്പുവരുത്തുന്നുണ്ടെന്നും കേന്ദ്ര ഗവൺമെന്റിന്റെ ജലജീവൻ മിഷൻ പദ്ധതിയിലൂടെ ഗ്രാമീണ മേഖലയിലുള്ള നൂറു ശതമാനം കുടുംബങ്ങൾക്കും

2024-ഓടുകൂടി പൈപ്പ് വഴി കുടിവെള്ളം വിതരണം ചെയ്യാനുദ്ദേശിക്കുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 8603.97 കോടി രൂപയുടെ കുടിവെള്ള പദ്ധതികളുടെ നിർമ്മാണം പുരോഗമിച്ചുവരികയാണ്. നഗര/ഗ്രാമ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുന്നതിനായി പ്ലാൻ സ്കീമിൽ 837.99 കോടി രൂപയുടെയും നഗരജല വിതരണ പദ്ധതികൾ നവീകരിക്കുന്നതിനും വിപുലീകരിക്കുന്നതിനുമായി അമൃത് പദ്ധതിയിൽ 1050.86 കോടി രൂപയുടെയും ജലവിതരണ പദ്ധതികൾക്കും പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുമായി കിഫ്ബിയിൽ 4183.33 കോടി രൂപയുടെയും നബാർഡിന്റെ 881.50 കോടി രൂപയുടെയും NRDWP-യുടെ 1444.08 കോടി രൂപയുടെയും ജിക്കയുടെ 206.21 കോടി രൂപയുടെയും പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. പൈപ്പ് ലൈനുകൾ ദീർഘിപ്പിക്കുന്നതിനായി സ്റ്റേറ്റ് പ്ലാനിൽ ഉൾപ്പെടുത്തി 44 പ്രവൃത്തികൾക്ക് 1401.42 ലക്ഷം രൂപയുടെയും പഴക്കംചെന്ന പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനായി 90 പ്രവൃത്തികൾക്ക് 5111.54 ലക്ഷം രൂപയുടെയും ഭരണാനുമതി നൽകുന്നതിനാവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ട്. സാങ്കേതികമായി സാദ്ധ്യതയുള്ള പ്രദേശങ്ങളിലേയ്ക്ക് നിലവിലെ വിതരണശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ സംസ്ഥാന

പദ്ധതികളിലൂടെയും എം.എൽ.എ./എം.പി./വരൾച്ചാ ദുരിതാശ്വാസ ഫണ്ടുകളിലൂടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിക്ഷേപ പ്രവൃത്തികളിലൂടെയും നടപ്പിലാക്കുന്നുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം നദികൾ, അണക്കെട്ടുകൾ, കിണറുകൾ എന്നിവയിലെ ജലദൗർലഭ്യ സാദ്ധ്യത പരിഗണിച്ച് മുൻകരുതൽ നടപടി സ്വീകരിക്കുകയും നദികൾ സ്രോതസ്സായുള്ള പദ്ധതികളിൽ നിലവിലുള്ള തടയണകളിൽ ഷട്ടറുകൾ ഘടിപ്പിച്ചും താൽക്കാലിക/സ്ഥിരം തടയണകൾ നിർമ്മിച്ചും ജലലഭ്യത ഉറപ്പുവരുത്തുകയും മഴമൂലം ലഭ്യമാകുന്ന ജലം സ്രോതസ്സുകളുടെ പരിപോഷണത്തിന് ഉതകത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. പ്രതിവർഷം രണ്ട് ലക്ഷം പുതിയ കണക്ഷനുകൾ നൽകുകയെന്ന ലക്ഷ്യം നേടുന്നതിന് റവന്യൂകമ്മി പ്രതിബന്ധമാകാതിരിക്കാൻ നടപടിയെടുത്തിട്ടുണ്ട്. വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പരമാവധി വാട്ടർ കണക്ഷനുകൾ നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും ഇതിനായി പത്ര-ദൃശ്യ-ശ്രവ്യ മാധ്യമങ്ങളിലൂടെ പ്രചരണം നൽകി കണക്ഷൻ മേളകൾ സംഘടിപ്പിക്കാറുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റവന്യൂ റിക്കവറി നടപടികൾ, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എന്നിവയിലൂടെ വെള്ളക്കര

കുടിശ്ശിക പിരിച്ചെടുത്ത് വരുമാനം വർദ്ധിപ്പിക്കുകയും ഉപഭോക്താക്കളിൽനിന്നും 545.38 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും 88.60 കോടി രൂപയും ഈയിനത്തിൽ പിരിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. ചെലവുചുരുക്കലിന്റെ ഭാഗമായി ഇലക്ട്രിസിറ്റി ചാർജ്ജ് കുറയ്ക്കുന്നതിനുവേണ്ടി സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും എനർജി മാനേജ്മെന്റ് സെന്റർ മുഖേന പമ്പുസെറ്റുകളുടെയും മറ്റ് വൈദ്യുതോപകരണങ്ങളുടെയും എനർജി ഓഡിറ്റിംഗും പമ്പ് ഹൗസുകളുടെ ഓട്ടോമേഷനും നടത്തിവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സ്കീമുകളുടെ റിംഗ് ഫെൻസിംഗ്/ഡിവിഷൻവൈസ് അനാലിസിസ്സിലൂടെ ചെലവ് ക്രമീകരിക്കുന്നുണ്ട്. റവന്യൂരഹിത ജല ചോർച്ച പരിഹരിക്കുന്നതിനായി എ.ഡി.ബി.-യുടെ ധനസഹായത്തോടെ കൊച്ചി, തിരുവനന്തപുരം നഗരങ്ങളിൽ 24x7 വാട്ടർ സപ്ലൈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും കേരള ഡെവലപ്മെന്റ് ആന്റ് ഇന്നവേഷൻ സ്ട്രാറ്റജിക് കൗൺസിലിന്റെ (K-DISC) സഹകരണത്തോടെ ഇന്നവേഷൻ ഹബ്ബ് രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. 2008-ലെ ജലനയം പരിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഇതിനായി ജലവിഭവ വകുപ്പ് സെക്രട്ടറി അദ്ധ്യക്ഷനായി പത്തംഗ ഡ്രാഫ്റ്റിംഗ്

കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ജലപരിപാലന രീതികളിലെ മാറ്റങ്ങൾ ശാസ്ത്രീയമായി പഠിച്ചും പ്രളയത്തിന്റെ പശ്ചാത്തലത്തിൽ, പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്സ്മെന്റ് (PDNA), സംയോജിത ജലവിഭവ പരിപാലനം (Integrated Water Resources Management) എന്നീ തത്വങ്ങളെ അടിസ്ഥാനമാക്കിയുമാണ് പുതിയ ജലനയത്തിന് രൂപം നൽകുന്നതെന്നും മന്ത്രി വ്യക്തമാക്കി. ഹരിത കേരള മിഷനിൽ കുളങ്ങളുടെ പുനരുദ്ധാരണത്തിനുവേണ്ടിയുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും പൈലറ്റ് സ്കീമെന്ന നിലയിൽ പാലക്കാട് ജില്ലയിലെ 4400 കുളങ്ങളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും സെൻട്രൽ ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ ജല കോൺഗ്രസ്സ് നടത്താനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടെന്നും കുടിവെള്ളത്തിനും ഇറിഗേഷനുമുതകുന്ന പദ്ധതികൾക്ക് മുൻഗണന നൽകിക്കൊണ്ട് ചെക്ക് ഡാമുകൾ നിർമ്മിക്കുന്ന കാര്യം ആലോചിക്കുമെന്നും നിർമ്മാണം പൂർത്തീകരിച്ച കരിമ്പുഴ ജലസേചന പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് പ്രത്യേക പരിഗണന നൽകുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2531 മുതൽ 2844 വരെയുള്ള ചോദ്യങ്ങളിൽ 151 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)